**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2921.** **06.11.2019 ൽ മറുപടിയ്ക്ക്**

**വിമുക്തി മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ആർ.രാജേഷ്**<br>**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീ.കെ.കുഞ്ഞിരാമൻ**<br>**ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യവർജ്ജനം എന്ന ലക്ഷ്യത്തിനായി വിമുക്തി മിഷൻ ആവിഷ്കരിച്ച് വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | 14 ജില്ലകളിലും പ്രവർത്തിച്ച് വരുന്ന ഡി-അഡിക്ഷൻ സെന്ററുകളുടെ ശാക്തീകരണം, സംസ്ഥാനത്തെ 77 താലൂക്കുകളിൽ ഡി-അഡിക്ഷൻ സെന്ററുകളുടെ സബ് സെന്ററുകൾ, സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡി-അഡിക്ഷൻ സെന്ററുകൾ, കുടുംബശ്രീ, അയൽക്കൂട്ടം എന്നിവയുമായി സഹകരിച്ച് വീടുകൾ നേരിട്ട് സന്ദർശിച്ചുള്ള ബോധവത്കരണം, എല്ലാ വാർഡുകളിലും 5 മുതൽ 10 വരെ സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് വിമുക്തി സേന രൂപീകരണം, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ, എക്സൈസ്/പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാലയ കമ്മിറ്റി രൂപീകരണം, എം.എൽ.എ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, വിവിധ ജനപ്രതിനിധികൾ, ലഹരിവിരുദ്ധ പ്രവർത്തകർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് നിയോജക മണ്ഡല കമ്മറ്റി രൂപീകരണം, ദൃശ്യശ്രവ്യ മാധ്യമങ്ങൾ മുഖാന്തിരമുള്ള ബോധവത്കരണ പരസ്യ പ്രചാരണം തുടങ്ങിയവയാണ് വിമുക്തി മിഷൻ ആവിഷ്കരിച്ച് വരുന്ന നൂതന പദ്ധതികൾ. "നാളത്തെ കേരളം ലഹരിമുക്ത നവകേരളം" എന്ന തീവ്ര ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിക്ക് നവംബർ 1-ന് തുടക്കം കുറിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷി ദിനമായ ജനുവരി 30 വരെ നീണ്ടുനിൽക്കുന്ന കാലയളവിൽ വിപുലമായ കർമ്മ പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ലഹരിക്ക് അടിമപ്പെട്ടവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെ എത്തിക്കുന്നതിനായി | (ബി) | കേരളത്തിലെ 14 ജില്ലകളിലും ലഹരി വിമോചന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യവകുപ്പുമായി സഹകരിച്ചുകൊണ്ട് ഏതെല്ലാം ജില്ലകളിലാണ് ലഹരി വിമോചന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളതെന്ന് അറിയിയ്ക്കാമോ; | | |
| (സി) | വിമുക്തി മിഷന്റെ ഭാഗമായി ഏതെല്ലാം നഗരങ്ങളിലാണ് കൗൺസിലിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്; | (സി) | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് |
| (ഡി) | ലഹരിയ്ക്ക് എതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായി വിമുക്തി മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ഡി) | ലഹരിയിലേയ്ക്ക് വഴുതിപ്പോകാനിടയുള്ളവർക്ക് സൗജന്യ കൗൺസിലിംഗ് സൗകര്യം നൽകുന്നതിലേയ്ക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ കൗൺസിലിംഗ് സെന്ററുകൾ, സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, കേരളത്തിലെ പ്രധാനപ്പെട്ട കലാ സാംസ്കാരിക ആഘോഷവേളകളിൽ ബോധവത്കരണ പവലിയനുകളും, ഫ്ലോട്ടുകളും പ്രദർശിപ്പിക്കുക, ബോധവത്കരണ പ്രചരണാർത്ഥം മാരത്തോൺ നടത്തുക, ആദിവാസി തീരദേശ മേഖലകളിൽ ക്യാമ്പുകളും സർവേകളും നടത്തുക, പി.എസ്.സി., കരിയർ ഗൈഡൻസ് സെന്ററുകൾ വഴി സൗജന്യ പരിശീലനം നൽകുക, ആദിവാസി ഊരുകളിൽ പഠനം ഉപേക്ഷിച്ച കുട്ടികളെ തിരികെ സ്കൂളിൽ എത്തിക്കുന്ന പദ്ധതി, ലഹരി മുക്തി ഗ്രാമം പദ്ധതി, ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ എന്നിവ വഴി ബോധവത്കരണം നടത്തുക, ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം പ്രചരിപ്പിക്കുന്നതിലേക്കായി വിദ്യാർത്ഥികളെയും യുവാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിക്കുക, വിവിധ പത്ര, ദൃശ്യ, നവമാധ്യമങ്ങൾ മുഖാന്തിരം ബോധവത്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുക എന്നിവയാണ് വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ